**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി. പി.എം.ആശാറാണിയുടെ ഭർത്താവിന്റെ വൃക്ക സംബന്ധമായ ചികിത്സയ്ക്ക് കൊച്ചി അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. **3020/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 22.11.2018.**

---

പരാമർശം :
1) 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2) ശ്രീമതി. പി.എം.ആശാറാണി യുടെ 31/12/2012 ലെ അപേക്ഷയും ബില്ലുകളും.
3) പഞ്ചായത്ത് ഡയറക്ടറുടെ 07.05.2013 ലെ എഫ്2-7518/13 നമ്പർ കത്ത്.
4) വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/07/2017 ലെ 4-ാം നമ്പർ തീരുമാനം.
5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.08.2018 ലെ എം.ആർ1(എൽ.ഡി.സ്)- 40673/2018/ആ.വ.ഡ നം. കത്ത്.
6) പഞ്ചായത്ത് ഡയറക്ടറുടെ 07.09.18 ലെ എഫ്2- 7518/13 -ാം നം കത്ത്.

**ഉത്തരവ്**

ഇടുക്കിജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി പി.എം.ആശാറാണി യുടെ ഭർത്താവിന്റെ വൃക്ക സംബന്ധമായ രോഗത്തിന് കൊച്ചി അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് നേരിട്ട ചികിൽസാ ചെലവിൽ 4,73,459/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 3,78,767/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി എഴുന്നൂറ്റി അറുപത്തി ഏഴ് രൂപാ മാത്രം) അപേക്ഷകന്

മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 6-ലെ കത്തിലൂടെ റിപ്പോർട്ട് ചെയ്തു. തുക വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി ഇടുക്കിജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി പി.എം.ആശാറാണി യുടെ ഭർത്താവിന്റെ വൃക്ക സംബന്ധമായ രോഗത്തിന് കൊച്ചി അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ 4.73.459/- രൂപയുടെ 80% ആയ 3,78,767/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി എഴുന്നൂറ്റി അറുപത്തി ഏഴ് രൂപാ മാത്രം) 1960 ലെ KGSMA റൂൾസിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി(പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.

ശ്രീമതി. പി.എം.ആശാറാണി, ക്ലാർക്ക്, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്,
ഇടുക്കി(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ആരോഗ്യകുടുംബക്ഷേമ വകുപ്പ് (16/04/2014 ലെ G2/1887/2017/H&FWD പ്രകാരം)

ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.63728/EPA3/13/LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ